# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 5143 — 05-07-2012-ൽ മറുപടിക്ക്

### വൈദ്യുതി ഉപഭോക്താക്കളിൽ നിന്നും സെക്യൂരിറ്റി ഡിപ്പോസിറ്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ് | ശ്രീ. ആര്യാടൻ മുഹമ്മദ്. (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.) |
| (എ) സംസ്ഥാനത്തെ വൈദ്യുതി ഉപഭോക്താക്കളിൽ നിന്നും വീ ണ്ടും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കുവാൻ ബോർഡ് തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ വിജ്ഞാപനം ചെയ്തിട്ടുള്ള സപ്ലൈ കോഡ്, 2005 സെക്ഷൻ (13) പ്രകാരം പുതിയ കണക്ഷന് അപേക്ഷിക്കുന്ന എല്ലാ അപേക്ഷകരും, ബില്ലിംഗ് സൈക്കിളിനെ അടിസ്ഥാനമാക്കി, പ്രതീക്ഷിക്കപ്പെടാവുന്നതായി കണക്കാക്കുന്ന രണ്ട് മാസത്തെ/ മൂന്നു മാസത്തെ വൈദ്യുതി ബില്ലിന് തത്തുല്യമായ തുക മുൻകൂർ സെക്യൂരിറ്റി നിക്ഷേപമായി കെട്ടിവയ്ക്കേണ്ടതാണ്. പ്രതിമാസ ബില്ലിംഗ് ഉള്ള ഉപഭോക്താക്കൾ രണ്ടുമാസത്തെ വൈദ്യുതി ബില്ലിന് തത്തുല്യമായ തുകയും ദ്വൈമാസ ബില്ലിംഗ് ഉള്ള ഉപഭോക്താക്കൾ മൂന്നു മാസത്തെവൈദ്യുതി ബില്ലിന് തത്തുല്യമായ തുകയും സെക്യൂരിറ്റിയായി നില നിർത്തേണ്ടതാണ്. എല്ലാ ഉപഭോക്താക്കളുടെയും സെക്യൂരിറ്റി നിക്ഷേപത്തിന്റെ പര്യാപ്തത, ഓരോ സാമ്പത്തിക വർഷത്തിന്റെയും ആദ്യത്തെ മൂന്നുമാസത്തിലോ അഥവാ താരിഫ് പരിഷ്കരണം നടത്തുമ്പോഴോ മുൻവർഷത്തെ ഉപയോഗത്തിന്റെ ശരാശരിയുടെയും പ്രാബല്യത്തിലുള്ള ചാർജ്ജുകളുടെയും താരിഫിന്റെയും അടിസ്ഥാനത്തിൽ വിതരണ ലൈസൻസി പുനരവലോകനം ചെയ്യുന്നതാണ്. ഈ പുനരവ ലോകനത്തിന്റെ അടിസ്ഥാനത്തിൽ ഉപഭോ ക്താവിന് 30 ദിവസത്തെ നോട്ടീസ് |

നൽകി കൊണ്ട്, ഓരോന്നിലും, ഒന്നുകിൽ കുറവുള്ളത് നികത്തുവാൻ ആവശ്യപ്പെടുകയോ അല്ലെങ്കിൽ അധികമായുള്ള സെക്യൂരിറ്റി തുക ആദ്യ മൂന്ന് മാസക്കാലയളവിനുള്ളിൽ തന്നെ തട്ടിക്ക ഴിക്കുകയോ ചെയ്യേണ്ടതാണ്. ഇപ്രകാരം കുറവ് വരുന്ന തുകയാണ് അഡീഷണൽ സെക്യൂരിറ്റി ഡെപ്പോസിറ്റായി ഈടാക്കുന്നത്.

| ചോദ്യം | | ഉത്തരം |
|---|---|---|
| (ബി) എല്ലാ ഉപഭോക്താക്കളും മൂന്ന് മാസത്തെ വൈദ്യുത ചാർജിന് തുല്യമായ തുക ബോർഡിന് നൽകണമെന്നുള്ള തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പിൻവലിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ വിജ്ഞാപനം ചെയ്തിട്ടുള്ള സപ്ലൈ കോഡ്, 2005 സെക്ഷൻ (13) അനുശാസിക്കുന്ന പ്രകാരമാണ് വൈദ്യുതി ബോർഡ് ഉപഭോക്താക്കളിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കുന്നത്. റെഗുലേറ്ററി കമ്മീഷന്റെ വിജ്ഞാപനത്തിന്റെ പ്രസക്ത ഭാഗം അനുബന്ധമായി ചേർക്കുന്നു. |
| (സി) ബോർഡ് മുൻകാലങ്ങളിൽ സെക്യൂരിറ്റി ഡിപ്പോസിറ്റ് ഈടാക്കിയിട്ടുണ്ടോ; എങ്കിൽ എന്ന്; ഇതിലൂടെ എന്തു തുകയാണ് ബോർഡിന് പിരിഞ്ഞു കിട്ടിയത്; | (സി) | ബോർഡ് മുൻകാലങ്ങളിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയിട്ടുണ്ട്. വൈദ്യുതി ബോർഡ് വൈദ്യുതി കണക്ഷൻ നൽകുമ്പോൾ തന്നെ ഉപഭോക്താക്കളിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കാറുണ്ട്. കണക്കെടുപ്പ് പൂർത്തിയായ 2010-11 സാമ്പത്തിക വർഷം വരെ ബോർഡിന് സെക്യൂരിറ്റി ഡിപ്പോസിറ്റിനത്തിൽ ഏകദേശം 1242.55 കോടി രൂപ ലഭിച്ചിട്ടുണ്ട്. |
| (ഡി) പുതിയ തീരുമാനത്തിലൂടെ ബോർഡ് എന്തു തുകയാണ് പിരിച്ചെടുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ | (ഡി) | സപ്ലൈ കോഡ്, 2005 ൽ അനുശാസിച്ചിട്ടുള്ളതു പ്രകാരമാണ് ബോർഡ് സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കുന്നത്. സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കുന്നതിനെ സംബന്ധിച്ച് പുതിയ തീരുമാനമൊന്നും ബോർഡ് കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ.